# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2059 — 12.02.2013-ൽ മറുപടിയ്ക്ക്

### അർബൻ ഫോറസ്ട്രി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക് | | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് അർബൻ ഫോറസ്ട്രി പദ്ധതി നടപ്പിലാക്കാൻഉദ്ദേശിക്കുന്നുണ്ടോ ; | എ) | അർബൻ ഫോറസ്ട്രി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| ബി) | എങ്കിൽ പ്രസ്തുത പദ്ധതി എവിടെയൊക്കെയാണ് നടപ്പിലാക്കുന്നതെന്നും പദ്ധതിയുടെ വിശദാംശവും വെളിപ്പെടുത്തുമോ? | ബി) | തിരുവനന്തപുരം നഗരത്തിലും എറണാകുളം നഗരത്തിലുമാണ് ഇപ്പോൾ നടപ്പാക്കി വരുന്നത്. നഗര വൽക്കരണത്തിന്റെ ദൂഷ്യ ഫലങ്ങൾ കുറച്ച് നഗരം ഹരിതാഭമാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ഇതിനായി നഗരത്തിലെ പൊതു സ്ഥലങ്ങൾ സ്ഥാപനങ്ങൾ, പാതയോരങ്ങൾ എന്നിവിടങ്ങളിൽ ലഭ്യമായ സ്ഥലങ്ങൾ കണ്ടെത്തി വൃക്ഷത്തൈകൾ വച്ച് പിടിപ്പിച്ച് പരിപാലിക്കുക എന്നതാണ്ചെയ്തു വരുന്നത്. നഗര സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിൽ വെള്ളയമ്പലം-ശാസ്തമംഗലം റോഡിൽ വൃക്ഷങ്ങൾ വച്ച് പരിപാലിച്ചുവരുന്നു. എറണാകുളം ജില്ലയിൽ കളമശ്ശേരി ന്യവൽസ് കോളജ്അങ്കണം, കിൻഫ്ര അങ്കണം, ബ്ലാക്ക്ബറി അങ്കണം, കളമശ്ശേരി അലുമിനി അങ്കണം എന്നിവിടങ്ങളിലും അർബൻ ഫോറസ്ട്രിയുടെ ഭാഗമായി വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ചിട്ടുണ്ട്. നഗരവാസികൾക്ക് ബോധ വൽക്കരണം നടത്തി അർബൻ ഫോറസ്ട്രി എന്ന ആശയം പ്രചരിപ്പിക്കാനാണ് ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ കൊണ്ടുദ്ദേശിക്കുന്നത്. |
| സി) | മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ അർബൻ ഫോറസ്ട്രി പദ്ധതി നടപ്പിലാക്കുന്നത് പരിഗണിക്കുമോ? | സി) | പരിഗണിക്കുന്നതാണ്. ദേശീയ പാത നാലുവരിയാക്കുന്നതോടുകൂടി പീലിക്കോട് മുതൽ മഞ്ചേശ്വരം വരെ പാതയോരങ്ങളിൽ ഈ പദ്ധതി വിജയകരമായി നടപ്പാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ